**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 745** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കെ.എസ്.ഇ.ബി. യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. പ്രത്യേകമായ സാഹചര്യങ്ങളിൽ സ്ഥിര ജീവനക്കാരുടെ കുറവ് ഉണ്ടാകുന്ന ഓഫീസുകളിൽ ഈ കുറവ് കാരണം ഉണ്ടാകുന്ന അധിക പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് ആയി നൽകി ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്ന രീതിയാണ് കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ളത്. ആയതിനാൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ താത്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറില്ല . |
| (ബി) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി താൽക്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറുണ്ടോ; | (ബി) | ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. പ്രത്യേകമായ സാഹചര്യങ്ങളിൽ സ്ഥിര ജീവനക്കാരുടെ കുറവ് ഉണ്ടാകുന്ന ഓഫീസുകളിൽ ഈ കുറവ് കാരണം ഉണ്ടാകുന്ന അധിക പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് ആയി നൽകി ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്ന രീതിയാണ് കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ളത്. ആയതിനാൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ താത്കാലിക ജീവനക്കാരെയും കരാർ ജീവനക്കാരെയും നിയോഗിക്കാറില്ല . |
| (സി) | വൈദ്യുത അപകടങ്ങൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. യിലെ ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഒഴിവുള്ള തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ